**ഗ്രാമ ന്യായാലയ തേങ്കുറിശ്ശി, പാലക്കാട്**

ഹാജർ :-ശ്രീമതി . ധനുജ വെട്ടത്ത് (BA, LLB ), ന്യായാധികാരി.

2026 മാർച്ച് മാസം 14 -ആം തിയ്യതി

**എസ്. ടി. 03/2026**

| | | |
|---|---|---|
| വാദി/പരാതിക്കാരൻ | : | സ്റ്റേറ്റിനെ പ്രതിനിധികരിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ, ടൗൺ സൗത്ത് ക്രൈം നമ്പർ 1518/2025 |
| പ്രതി/ എതിർ കക്ഷി | : | ചന്ദ്രശേഖൻ, 63 വയസ്സ്, ശങ്കരൻ എഴുത്തച്ഛൻ മകൻ, കട്ടംകോടത്ത് വീട്, ചെമ്മൻകാട്, കണ്ണാടി, പാലക്കാട്. |
| കുറ്റകൃത്യം/ വകുപ്പ് | : | ഭാരതീയ ന്യായ സംഹിത 281, 125(a) -ആം വകുപ്പുകൾ |

ഈ കേസ്സ് ഇന്നേ ദിവസത്തെ നടപടി ക്രമങ്ങൾക്കായി പരിഗണനയ്ക്ക് വന്നതിൽ താഴെ പറയും പ്രകാരം വിധി പുറപ്പെടുവിച്ചിരിക്കുന്നു.

**വിധിന്യായം**

ഈ കേസ്സ് ക്രൈം നമ്പർ 1518/2025 ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുതും ഭാരതീയ ന്യായ സംഹിതയുടെ 281, 125(a) -ആം വകുപ്പുകൾ പ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസർ പ്രതിക്കെതിരെ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും എസ്.ടി 03/2026 ആയി ഈ കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.

പ്രതി കോടതി മുൻപാകെ ഹാജരായി. പ്രോസിക്യൂഷൻ, കോടതി മുൻപാകെ ഹാജരാക്കിയ രേഖകളുടെ പകർപ്പുകൾ സെക്ഷൻ 230 BNSS പ്രകാരം പ്രതിക്കു നൽകി. പ്രതിക്ക് ഭാരതീയ ന്യായ സംഹിതയുടെ 281, 125(a) -ആം വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ചു കേൾപ്പിക്കുകയും മനസ്സിലാക്കി കൊടുക്കുകയും ആയത് മനസ്സിലാക്കി

പ്രതി കുറ്റം ചെയ്തതായി സമ്മതിക്കുകയും ചെയ്തു. പ്രതി കുറ്റസമ്മതം നടത്തിയത് സ്വയമേധയാ ആണെന്ന് കോടതിക്ക് ബോധ്യപ്പെട്ടു. Probation of offenders Act ന്റെ വകുപ്പുകൾ ഈ കേസ്സിന്റെ വസ്തുതകളിൽ ബാധകമല്ല. ആയതിനാൽ പ്രതിക്ക് പ്രതികൂലമായി എന്തെങ്കിലും ഭവിക്കുന്നതായി കോടതിക്ക് ബോധ്യപ്പെടുകയോ ചെയ്തിട്ടില്ല. ആയതുകൊണ്ട് പ്രതിയുടെ കുറ്റസമ്മതം കോടതി സ്വീകരിച്ചു. പ്രതി ഭാരതീയ ന്യായ സംഹിതയുടെ 281, 125(a) -ആം വകുപ്പുകൾ പ്രകാരം കുറ്റക്കാരനാണെന്ന് കാണുന്നു. ആകയാൽ പ്രതിയെ ഭാരതീയ ന്യായ സംഹിതയുടെ 281-ആം വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് 500/- രൂപ പിഴ അടയ്ക്കുവാനും ഭാരതീയ ന്യായ സംഹിതയുടെ 125(a) -ആം വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് 1000/- രൂപ പിഴ അടയ്ക്കുവാനും അല്ലാത്ത പക്ഷം പ്രതിയെ 7 ദിവസം വെറും തടവിൽ പാർപ്പിക്കുവാനും ഇതിനാൽ വിധിച്ചിരിക്കുന്നു.

ഇന്നേ ദിവസമായ 2026 മാർച്ച് മാസം 14-ആം തിയ്യതി ഗ്രാമ ന്യായാലയത്തിൽ വെച്ച് ഈ ഉത്തരവ് പ്രഖ്യാപിച്ചു.

Sd/-
ന്യായാധികാരി
ഗ്രാമ ന്യായാലയം, തേഞ്ഞിപ്പലം.

-//ശരി പകർപ്പ് //-

ന്യായാധികാരി
ഗ്രാമ ന്യായാലയം, തേഞ്ഞിപ്പലം.